Clauses 2 and 3

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

Schedule

The question that the Schedule stands part of the Bill was put and carried.

The Schedule was added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Finance (**Shri S. Varadarajan Nair**):

ഈ ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

Minister for Home (**Shri K. M. Mani**): Sir, I second it.

The Question that the Kerala Appropriation (No. 2) Bill be finally passed was put and carried.

The Bill was finally passed.

VIII. സ്പീക്കറുടെ പ്രസ്താവന

മിസ്റ്റർ സ്പീക്കർ: ഓർഡർ, ഓർഡർ, കേരള നിയമസഭയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 154-ാം ചട്ടപ്രകാരം ഈ സഭയിലെ ഒരംഗമായ ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി വീക്ഷണം ദിനപ്പത്രത്തിന്റെ ചീഫ് എഡിറ്റർ ശ്രീ. സി.പി. ശ്രീധരനും, പ്രിന്ററും പബ്ലിഷറുമായ ശ്രീ. എ.പി. ജോസഫിനും എതിരായി ഒരു അവകാശ ലംഘനപ്രശ്നം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. സി.പി. ശ്രീധരൻ നിയമസഭാ സ്പീക്കർക്കയച്ച ഒരു കത്ത് 1979 മാർച്ച് 20-ാം തീയതിയിലെ വീക്ഷണം ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചതിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രസ്തുത നോട്ടീസ്. കത്തിലെ ചില ഭാഗങ്ങൾ ഈ സഭയിലെ ഒരംഗമായ ശ്രീ. വക്കം പുരുഷോത്തമനെ അവഹേളിക്കുന്നതാണെന്ന് ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി ആരോപിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ശ്രീ. സി. പി. ശ്രീധരന്റേയും ശ്രീ. ജോസഫിന്റേയും വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണെന്ന വിവരം ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

ഓർഡർ, ഓർഡർ, ഫെബ്രുവരി 16-ാം തീയതി ആരംഭിച്ച ഈ സമ്മേളനം സമാപിക്കുകയാണ്. ഇതിൽ കൂടുതൽകാലം നീണ്ടുനിന്ന സമ്മേളനങ്ങളും ഇതിന് മുൻപ് ഉണ്ടായിട്ടുണ്ട്. പക്ഷേ ഇത്രയുണ്ടായ

LIBRARY ARCHIVES Kerala Legislative Assembly

സമ്മേളനം യാതൊരു ഇടവേളയും കൂടാതെയാണ് നടന്നിട്ടുള്ള തെന്നറിയാം. ഇത് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ചില വിഷമങ്ങളും ഉണ്ടാക്കിയിട്ടുണ്ട് എന്നുള്ളതും ഒരു വസ്തുതയാണ്. പ്രത്യേകിച്ചും വടക്കൻ ജില്ലകളിലെ മെമ്പറൻമാർക്ക്. ഇങ്ങനെയൊക്കെയാണെങ്കിലും ഈ സമ്മേളനം ഏറ്റവും സൗഹൃദപൂർണ്ണമായ അന്തരീക്ഷത്തിലാണ് നടന്നതെന്ന് പറയാൻ എനിക്ക് വളരെയധികം സന്തോഷമുണ്ട്. ആദ്യംമുതൽ അവസാനംവരെയും ഈ അന്തരീക്ഷം നിലനിർത്തുന്നതിനും സമ്മേളനം വിജയിപ്പിക്കുന്നതിനും സഹായിച്ച എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളോടും—പ്രത്യേകിച്ചും ബഹുമാനപ്പെട്ട സഭാ നേതാവിനോടും മറ്റ് പാർട്ടി നേതാക്കൻമാരോടും എനിക്കുള്ള അതീവ കൃതജ്ഞത രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

സഭാനടപടികളും സൂക്ഷ്മതയോടുകൂടി റിപ്പോർട്ട് ചെയ്ത് ബഹുജനങ്ങളുടെ സവിധത്തിൽ എത്തിക്കാൻ ജാഗരൂകരായി പ്രവർത്തിച്ച പത്രപ്രതിനിധികളോടും ഈ സഭയുടെ കൃതജ്ഞത പ്രകടിപ്പിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. നിങ്ങളെ എല്ലാ പേരേയും പിരിഞ്ഞ് കുറച്ച് കാലമാണെങ്കിലും നിൽക്കുന്നതിൽ എനിക്ക് വേദനയുണ്ട്. ഈ സഭ അനിശ്ചിത കാലത്തേക്ക് പിരിയുന്നു എന്ന് പ്രഖ്യാപിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): മെമ്പറൻമാരുടെ അറിവിലേയ്ക്ക് ഒരു കാര്യം പറയാനുണ്ട്. എം. എൽ. എ. മാർക്ക് നാട്ടിലേയ്ക്ക് മടങ്ങാൻ വേണ്ടി മൂന്നു മണിക്ക് ആലപ്പുഴവഴി കണ്ണൂരിലേക്ക് ഒരു എക്സ്പ്രസ്സും അഞ്ചു മണിക്ക് കോട്ടയം വഴി ആലുവാക്ക് ഒരു ഫാസ്റ്റ് പാസഞ്ചർ സർവ്വീസും എം.എൽ.എ. കാർട്ടേഴ്സിൽനിന്നും ആരംഭിക്കുന്നുണ്ട്.

മിസ്റ്റർ സ്പീക്കർ: വെരിഗുഡ്, താങ്ക്സ്.

(സഭ 2.16-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു)

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 1085/LA.1/79 *Dated, Trivandrum, 28th April 1979/8th Vaisaka, 1901.*

In exercise of the powers conferred by sub-clause (a) of Clause 2 of Article 174 of the Constitution of India, as amended, the Governor of the State of Kerala hereby prorogues the Fifth Session of the Fifth Kerala Legislative Assembly with effect from April 12, 1979.

ഭേദഗതി വരുത്തപ്പെട്ട ഇൻഡ്യൻ ഭരണഘടന 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ അഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 1979 ഏപ്രിൽ 12-ാംതീയതി മുതൽ ഇതിനാൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,
DR. R. PRASANNAN,
Secretary to Legislature.

LIBRARY ARCHIVES Kerala Legislative Assembly